കേരള സർക്കാർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:.dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.19-88/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി- 11/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടവന്നൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്ത് - 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.19-88/2017 തിയ്യതി:11/01/2017

പാലക്കാട്ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015 - 16
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് ............. മുതൽ ....... തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2016 മുതൽ 29.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം

| | |
|---|---|
| ശ്രീമതി.യു. പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി. ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രദീഷ്. എം | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എസ്.സക്കീർ ഹുസൈൻ - 1.4.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.സൈരന്ധ്രി മോഹൻദാസ് - 19.11.2015 മുതൽ 31.3.2016 വരെ |
| | |

| | |
|---|---|
| സെക്രട്ടറി | ശ്രീ.എം. സിറാജ്ജുദ്ദീൻ - 1.4.2015 മുതൽ 31.3.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എ.ലത | 1.4.2015 – 18.8.2015 |
| | ശ്രീ.എ.ഷാജി | 21.8.15 – 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.എസ്. ഉണ്ണി | 1.4.2015 – 28.5.2015,<br>10.8.2015 – 31.3.2016 |
| | ശ്രീമതി.കെ.സ്മിത | 28.5.2015 – 9.8.2015 |
| കൃഷി ഓഫീസർ | ശ്രീമതി.ഭാഗ്യലത | 1.4.2015 – 31.3.2016 |
| വി. ഇ. ഒ | ശ്രീ എൻ. ശിവഷണ്മുഖൻ | 1.4.2015 – 31.1.2016 |
| | ശ്രീ.പി.ആർ. പ്രദീപ്കുമാർ | 1.2.2016 – 31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കെ.ബേബി | 1.4.2015 – 31.3.2016 |
| ഹെഡ് മിസ്ട്രസ്സ് | ശ്രീ.ജയശ്രീ | 1.4.2015 – 31.3.2016 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ഡാലിയ ബാലകൃഷ്ണൻ | 1.4.2015 – 31.3.2016 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ശിവദാസ മേനോൻ | 1.4.2015 – 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ. കെ.എം. രവി | 1.4.2015 – 31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രജീന ജോർജ്ജ് | 1.4.2015 – 31.3.2016 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കല്യാണമണ്ഡപം – വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2(1) |
| 2 | ഓഫീസ് കെട്ടിടങ്ങളുടെ വസ്തു നികുതി അനർഹമായി ഇളവ് നൽകി അനുവദിച്ചു | 2(2) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കുടിവെള്ള വിതരണം | 3(1) |
| 2 | പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണം | 3(2) |
| 3 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് – അടവിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 3(3) |
| 4 | തെരുവ് വിളക്കുകളുടെ വാർഷിക കരാർ -അധിക തുക തിരികെ ഈടാക്കേണ്ടതാണ് | 3(4) |
| 5 | മരാമത്ത് പ്രവൃത്തികൾ – എഗ്രിമെന്റ് ഏർപ്പെടുന്നതിലെ കാലതാമസം – പിഴ ഈടാക്കേണ്ടതാണ് | 3(5) |
| 6 | മരാമത്ത് പ്രവൃത്തികൾ – പൂർത്തീകരണ കാലതാമസം – പിഴ ഈടാക്കേണ്ടതാണ് | 3(6) |
| 7 | ഇ.എം.എസ് ഭവന പദ്ധതി- | 3(7) |

| | | |
|---|---|---|
| | പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 8 | ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ് | 3(8) |
| 9 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം | 3(9) |
| 10 | പദ്ധതികളുടെ ചെലവ് വിനിയോഗം/ പൂർത്തീകരണം | 3(10) |
| 11 | പഞ്ചായത്തിന്റെ വാഹന പരിപാലനം | 3(11) |
| 12 | പ്ലാൻ ഫണ്ട് നീക്കിയിരുപ്പ് – തിരിച്ചടക്കേണ്ടതാണ് | 3(12) |
| 13 | അങ്കണവാടികളുടെ പ്രവർത്തനം – അവലോകനം | 3(13) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# <u>ഭാഗം -1</u>

# <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|
| 1/28.3.15 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 13015179 | 38271170 | 51286349 | 49723646 | 1562703 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1453486 | 6785437 + 5717954 | 13956877 | 7510325 | 6446552 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 3280966 | 6774000 | 10054966 | 6536387 + 1855077 | 1663502 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | 9000 | 9000 | - | 9000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1035757 | 7737000 | 8772757 | 7520924 + 11028 | 1240805 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 753730 | 2320000 | 3073730 | 2042564 | 1031166 | 0 |
| ധനകാര്യ | 1601901 | 4315093 | 5916994 | 3961178 | 348484 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ അവാർഡ് | | | | + 1607532 | | |
| ലോക ബാങ്ക് സഹായം | 2255345 | 0 | 2255345 | 1894467 | 360878 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 102 | 68 | 23 | 11 | 76.21 |

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 20 | 5373558 | 4911102 | 91 |
| അസി. സെക്രട്ടറി | 7 | 6 | 4811034 | 2043939 | 42 |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | 6 | 6 | 537400 | 437400 | 81 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| കൃഷി ഓഫീസർ | 2 | 1 | 4237224 | 2300000 | 54 |
| വെറ്ററിനറി സർജൻ | 2 | 2 | 1660000 | 342500 | 21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2533085 | 1676736 | 66 |
| വി.ഇ.ഒ | 6 | 5 | 2714677 | 1836000 | 68 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 200000 | 200000 | 100 |
| എച്ച്.എം | 4 | 2 | 204000 | 54000 | 26 |
| അസി. എഞ്ചിനീയർ | 47 | 47 | 18453286 | 17164683 | 93 |

നിർവ്വഹണോദ്യോഗസ്ഥരായ അസി.സെക്രട്ടറി, വെറ്ററിനറി സർജൻ, ഹെഡ് മാസ്റ്റർ എന്നിവർ വകയിരുത്തിയ തുകകളുടെ 50% ത്തിൽ താഴെ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2704518 | 1785883 | 918635 | -33.9 |
| നികുതിയേതര വരവുകൾ | 1208443 | 1328358 | 119915 | 9.9 |
| | | | | |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 7084179 | 5484744 | 1599435 | -22.5 |
| ആകെ | 10997140 | 8598985 | 2398155 | -21.8 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 16 | 10 | 6 |
| 2 | തൊഴിൽ രഹിത വേതനം | 13 | 8 | 5 |
| 3 | വിധവാ പെൻഷൻ | 39 | 39 | - |
| 4 | വികലാംഗ പെൻഷൻ | 8 | 8 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 147 | 128 | 19 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11986 /- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7.11.2016 | ഒക്ടോബർ/2016 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ | 20.1.2016 | 2010-11 മുതൽ 2014-15 വരെ | 5.3.2016 | - |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | | |

# 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കല്യാണമണ്ഡപത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ

ശ്രീ.കൃഷ്ണൻ, പട്ടത്തലച്ചി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1/358 -ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗൗരിശങ്കർ കല്യാണമണ്ഡപത്തിന്റെ വസ്തു നികുതി യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം 400 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള ഒറ്റ നില മാത്രമാണ് ഈ കെട്ടിടത്തിനുള്ളത്. എന്നാൽ ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ രണ്ട് നിലകളുള്ള കെട്ടിടത്തിലാണ് കല്യാണ മണ്ഡപം പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടു. ചിത്രം താഴെക്കൊടുക്കുന്നു.



കെട്ടിടത്തിന്റെ മുകൾ നിലയുടെ നികുതി നിർണ്ണയിക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായി. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12ലെ പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലത്ത് പോയി ഫോറം 6-ൽ വിവരങ്ങൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-2 ഓഫീസ് കെട്ടിടങ്ങളുടെ വസ്തുനികുതി

# അനർഹമായി ഇളവ് നൽകി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർ നിർണ്ണയിച്ചതിൽ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല.

ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാതിരുന്നിട്ടും അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചതിന്റെ ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ട പ്രകാരം പുനർ നിർണ്ണയിച്ച യഥാർത്ഥ നികുതി (സഞ്ചയ പ്രകാരം) | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച നികുതി (പഴയ നികുതി + 150 % വർദ്ധനവ്) | കുറവ് |
|---|---|---|---|---|---|---|
| 1 | 12/203 | സെക്രട്ടറി, റൂറൽ കോ ഓപ്പറേറ്റിവ് ഹൗസിംഗ് സൊസൈറ്റി | 608 | 3520 | 1520 | 2000 |
| 2 | 12/197 | സെക്രട്ടറി, എൻ.എസ്.എസ് കരയോഗം | 43 | 768 | 108 | 660 |
| 3 | 12/94 | സെക്രട്ടറി, ക്ഷീര വ്യവസായ സഹകരണ സംഘം, മന്ദംപുള്ളി | 153 | 600 | 383 | 217 |
| 4 | 12/52 | വില്ലേജ് ഓഫീസ് | 81 | 5400 | 203 | 5197 |
| 5 | 9/322 | പ്രസിഡന്റ്, -- | 316 | 3960 | 790 | 3170 |
| 6 | 8/296 | ശ്രീ.കെ.രാമചന്ദ്രൻ, ഊട്ടറ കോളനി | 194 | 800 | 485 | 315 |
| 7 | 5/186 | പ്രസിഡന്റ്, ദേശോദ്ധാരണ സംഘം, പൊക്കുന്നി | 12 | 320 | 30 | 290 |
| 8 | 4/203 | | 22 | 2400 | 55 | 2345 |
| 9 | 2/311 | മരുതൂർ സമുദായപ്പുര | 43 | 672 | 108 | 564 |
| 10 | 2/244 | പ്രസിഡന്റ്, എൻ.എസ്.എസ് | 292 | 1152 | 730 | 422 |

| | | | | | | |
|---|---|---|---|---|---|---|
| | | കരയോഗം, കുണ്ടംപറമ്പ് | | | | |
| ആകെ | | | | | | 15180 |

അർഹതയില്ലാത്ത കിഴിവ് നൽകി നികുതി നിശ്ചയിച്ചത് പുനപരിശോധിക്കേണ്ടതും, ചട്ടങ്ങളിലേയും അനുബന്ധ ഉത്തരവുകളി ലേയും നിർദേശ പ്രകാരം നികുതി നിർണ്ണയിക്കേണ്ടതുമാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

നിലവിൽ ചമ്പക്കുളം, വടകന്യാപുരം, തങ്കയം എന്നീ 3 കുടിവെള്ള പദ്ധതികളാണ് പഞ്ചായത്ത് ഏറ്റെടുത്ത് പരിപാലിച്ച് വരുന്നത്. ഇവയിൽ ഗാർഹിക കണക്ഷനുകൾ മാത്രമാണുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| തങ്കയം | 300 |
| വടകന്യാപുരം | 211 |
| ചമ്പക്കുളം | 93 |

2015-16 വർഷത്തിൽ വെള്ളക്കരമായി ഗാർഹിക കണക്ഷനുകൾക്ക് 50/- രൂപയും വാട്ടർ കണക്ഷൻ ചാർജായി 500/- രൂപയുമാണ് ഈടാക്കി വരുന്നത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ചെലവുകളുടെ ബാഹുല്യം കണക്കിലെടുത്ത് 25/8/16ലെ പഞ്ചായത്തിന്റെ തീരുമാനം നമ്പർ 12 പ്രകാരം സെപ്റ്റമ്പർ മാസം മുതൽ വെള്ളക്കരം 50/- രൂപയിൽ നിന്നും 75/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിശ്ചിത സമയ പരിധിക്ക് ശേഷം അടവാക്കുന്ന വെള്ളക്കരത്തിന് ഈടാക്കുന്ന പിഴപ്പലിശയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| സമയ പരിധി | ഈടാക്കുന്ന പിഴപ്പലിശ |
|---|---|
| ഒരു മാസം വൈകിയാൽ | 5/- രൂപ |
| ഒരു വർഷം വൈകിയാൽ | 100/- രൂപ |
| രണ്ട് വർഷം വൈകിയാൽ | 200/- രൂപ |

കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് നിയമാവലി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വരവ്/ചെലവ് കണക്കുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| വെള്ളക്കര ഡിമാന്റ് | 3.30,000/- |
| കളക്ഷൻ | 2,05,330/- |
| നീക്കിയിരിപ്പ് | 1,24,670/- |

<u>ചെലവ്:</u>

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 3,06,289/- |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 1,26,000/- |
| മറ്റ് അനുബന്ധ ചെലവുകൾ | 23,736/- |
| ആകെ | 4,56,025/- |

മേൽപറഞ്ഞ പട്ടികയിൽ നിന്നും ഈ പദ്ധതികളുടെ നടത്തിപ്പിൽ വരവിനേക്കാൾ ചെലവുകളാണ്(കുടിശ്ശിക-1,24,670+4,56,025=5,80,695)അധികരിച്ച് കാണുന്നത്. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പരിമിതമായ സാഹചര്യത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംരക്ഷണം സംബന്ധിച്ച സർക്കാർ ഉത്തരവ് (സാധാ) നം. 1275/ 2009/ ത.സ്വ.ഭ.വ 30.05.09ലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാവുന്നതാണ്. ആയത് ഏൽപ്പിക്കുന്നതിന് മുൻപായി നിലവിലെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

പദ്ധതികൾ സമിതികൾക്ക് കൈമാറുന്നതുവരെ കാലകാലങ്ങളിൽ വെള്ളക്കരത്തിലുള്ള വർദ്ധനവ് വരുത്തുന്നതോടൊപ്പം വെള്ളക്കര അടവിൽ വീഴ്ച വരുത്തുന്നവരുടെ കണക്ഷൻ വിച്ഛേദിപ്പിക്കുവാനുൾപ്പെടെയുള്ള നടപടികൾ കൂടി സ്വീകരിക്കാവുന്നതാണ്. നിർദ്ദേശങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളിലൂടെയുള്ള ജല വിതരണം - സംബന്ധിച്ച്.

ഒക്ടോബർ 2014ൽ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ജല അതോറിറ്റിയുടെ സഹായത്തോടെ 148 പൊതു ടാപ്പുകളാണ് പ്രവർത്തനക്ഷമമായി ജല വിതരണം നടത്തുന്നതെന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല. നവംബർ 14 മുതൽ 148 പൊതു ടാപ്പുകൾക്കായി പ്രതിവർഷം 5250/- രൂപ നിരക്കിൽ ഒരു മാസത്തിൽ 64750/- രൂപയാണ് പഞ്ചായത്ത് വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുള്ളത്. സംയുക്ത പരിശോധനയിലൂടെ നിജപ്പെടുത്തിയ 148 പൊതു ടാപ്പുകൾ നിലവിലും പ്രവർത്തനക്ഷമമാണോയെന്ന് ജല അതോറിറ്റിയുടെ സഹായത്തോടെ പുനർനിർണ്ണയിക്കേണ്ടതാണ്. ഇത്തരത്തിൽ പ്രവർത്തനക്ഷമവും അല്ലാത്തതുമായവയുടെ കണക്കുകൾ തിട്ടപ്പെടുത്തേണ്ടതാണ്. ജലം ലഭ്യമാക്കുന്നവയ്ക്ക് മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂയെന്ന് ഉറപ്പ് വരുത്തുന്നതിനായി മീറ്ററിംഗ് സംവിധാനം കൂടി ഏർപ്പെടുത്തേണ്ടതാണ്. പരമാവധി ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതു ടാപ്പുകളുടെ എണ്ണം ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുവാൻ ഭരണസമിതിയോട് ആവശ്യപ്പെടുന്നു.

## 3-3 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് -അടവിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

12-03-2013 ലെ സർക്കാർ ഉത്തരവ് നം. 65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. പഞ്ചായത്ത് തെരുവ് വിളക്കുകൾക്കുള്ള മീററിംഗ് സംവിധാനം സെപ്റ്റംബർ 2015 മുതൽ ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് മുമ്പും അയതിന് ശേഷവും പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു:

| മാസം | അടവാക്കുന്ന വൈദ്യുതിചാർജ്ജ് |
|---|---|
| ഓഗസ്റ്റ് | 42,272/- |
| സെപ്റ്റംബർ | 46,653/- |
| ഓക്ടോബർ | 49,207/- |
| നവമ്പർ | 42,990/- |

മേൽ സൂചിത പട്ടികയിൽ നിന്നും മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയതിന് ശേഷവും അടവാക്കുന്ന വൈദ്യുതി ചാർജ്ജിൽ കൂടുതൽ വ്യതിയാനം വന്നിട്ടില്ല. കൂടാതെ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധനയിലൂടെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ പഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടുമില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതിചാർജ്ജ് ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

| തെരുവ് വിളക്കുകളുടെ തരം | വാട്ടസ് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| എഫ്.ട്യൂബ് | 80 | 128 | 99 | 12,672/- |
| സി.എഫ്.എൽ | 30 | 842 | 18 | 15,156/- |
| സോഡിയം വേപ്പർ ലാംബ് | 250 | 19 | 311 | 5,909/- |
| ആകെ | 360 | 989 | 428 | 33,737/- |

മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതിചാർജ്ജ് അടവാക്കുകയാണെങ്കിൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടതായി വരും. ആയത് ഒഴിവാക്കുവാനും അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കുന്നതിനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് ഓരോ മീറ്റർ പോയിന്റിനും ഒരു കൺസ്യൂമർ നമ്പർ വീതം അനുവദിക്കുകയാണെങ്കിൽ അടവാക്കുന്ന വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിക്കും. ആയതിനുള്ള സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

# 3-4 തെരുവ് വിളക്ക് വാർഷിക കരാർ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷം തെരുവ് വിളക്ക് പരിപാലനത്തിനായി 9.3.15ന് ടെണ്ടർ ക്ഷണിച്ചതിൽ

ശ്രീ.മുത്തുകൃഷ്ണൻ, വിഷ്ണു ഇലക്ട്രിക്കൽ വർക്ക്സ്, കൊല്ലങ്കോടിന്റെ ടെണ്ടറാണ് പഞ്ചായത്ത് തീരുമാനം നം-6/23.3.15 പ്രകാരം സ്വീകരിച്ചിട്ടുള്ളത്. ടെണ്ടറിലെ റിപ്പയർ ചാർജ്ജ് നിരക്ക് ഒരു വിളക്കിന് ഒരു തവണ 225/- രൂപയാണ്. (സോഡിയം വേപ്പർ ലാംപ് ഒഴികെ).

വൗച്ചർ നമ്പർ 87/10.8.15മുഖേന 196 സി.എഫ്.എൽ, ട്യൂബ്എന്നീ വിളക്കുകൾ റിപ്പയർ ചെയ്ത വകയിൽ ടിയാൾക്ക് 44940/-രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിച്ച കാണുന്നു. 196 വിളക്കുകൾക്ക് 225/-രൂപ നിരക്കിൽ 44100/-രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. ആയതിനാൽ അധികം നൽകിയ 840/-രൂപ (44940 – 44100) കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

റിപ്പയർ ചാർജ്ജ് KSEBനിരക്കിൽ പരിമിതപ്പെടുത്തി അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 മരാമത്ത് പ്രവൃത്തികൾ- എഗ്രിമെന്റിൽ ഏർപ്പെടുന്നതിലെ കാലതാമസം - പിഴ ഈടാക്കേണ്ടതാണ്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ജി.ഓ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ടെണ്ടർ സ്വീകരിച്ചതായി കാണിച്ച് കരാറുകാർക്ക് അയച്ച സെലക്ഷൻ നോട്ടീസിലെ തീയതി കഴിഞ്ഞ് 14 ദിവസത്തിനകം കരാറിൽ ഏർപ്പെട്ടിട്ടില്ല. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകവും 1% പിഴ ഈടാക്കി കരാർ ചമച്ചിട്ടില്ല. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 14 ദിവസവും, പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെയ്ക്കാത്തപക്ഷം ആയത് റദ്ദ് ചെയ്ത്, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എഗ്രിമെന്റ് വെയ്ക്കുന്നതിൽ രണ്ടു മുതൽ നാല് മാസം വരെ കാലതാമസം നേരിട്ടിട്ടും ടെണ്ടർ റദ്ദ് ചെയ്യാത്ത സാഹചര്യത്തിൽ കരാറുകാരിൽ നിന്ന് താഴെ പറയും പ്രകാരം പി.എ.സി യുടെ 1% പിഴ ഈടാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | എഗ്രിമെന്റ് | പി.എ.സി | 1% പിഴ |
|---|---|---|---|---|---|---|---|
| 1 | 122/16 | മാനുഷി കോളനി റോഡ് | വി.കലാധരൻ | 3.10.15 | 25/10.12.15 | 97839 | 1000(മിനിമം) |
| 2 | 53/16 | തുമ്പളംപൊറ്റ റോഡ് | ടി | 3.10.15 | 29/5.1.16 | 560000 | 5600 |
| 3 | 100/16 | പാറശ്ശേരി റോഡ് | ടി | 3.10.15 | 32/14.1.16 | 781000 | 7810 |
| 4 | 47/16 | കൊഴികൊത്തി റോഡ് | ടി | 3.10.15 | 37/8.2.16 | 718000 | 7180 |
| 5 | | കുത്തംമ്പാക്കം റോഡ് | രമേഷ്.കെ | 3.10.15 | 28/1.1.16 | 1010000 | 10100 |
| 6 | 49/16 | പൊക്കുന്നി കനാൽ ബണ്ട് റോഡ് | രാധാകൃഷ്ണൻകെ.എം | 3.10.15 | 31/7.1.16 | 743047 | 7430 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 56/16 | തങ്കയം കനാൽ ബണ്ട് റോഡ് | കെ.ഉണ്ണികൃഷ്ണൻ | 3.8.15 | 20/14.9.15 | 240000 | 2400 |
| 8 | 101/16 | വട്ടയാർ - പല്ലൂർപ്പാടം റോഡ് | വി.കലാധരൻ | 3.10.15 | 30/6.1.16 | 845000 | 8450 |
| 9 | 104/16 | അങ്കണവാടി അറ്റകുറ്റപണി | വേലായുധൻ | 3.10.15 | 26/16.12.15 | 260730 | 2607 |
| ആകെ | | | | | | | 52577/- |

പിഴയിനത്തിൽ ആകെ 52,577/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുന്നതിന് നിർവ്വഹണോദ്യോഗ സ്ഥനെ ചുമതലപ്പെടുത്തുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 മരാമത്തു പ്രവൃത്തികൾ - പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തി അനുവദനീയമായ സമയപരിധി കഴിഞ്ഞ് പൂർത്തീകരിച്ചിട്ടുള്ളതിന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയതായി കാണുന്നില്ല. പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി) നം. 13/2012/PWD/1.2.2012, സെക്ഷൻ 2112, 2112-1, കരാറുകാരുമായുള്ള എഗ്രിമെന്റ് വ്യവസ്ഥ നം-7 എന്നിവ പ്രകാരം അപ്രതീക്ഷിതമായ സാങ്കേതികകാരണങ്ങളാലോ വകുപ്പ് തലത്തിലുള്ള വൈകൽ മൂലമോ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ 20%കൂടി പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം സമയം ദീർഘിപ്പിച്ച് നൽകുന്നതിന് എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുമുമ്പായി കരാറുകാരൻ അപേക്ഷ നൽകേണ്ടതുണ്ട്. 20% ഗ്രേസ് പീരീഡിന് ശേഷമുള്ള പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ 3 മാസത്തേക്ക് പി.എ.സി യുടെ 1%നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും പി.എ.സി യുടെ 2%നിരക്കിലും പിഴ ഈടാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാതെ ചെയ്യുന്ന പ്രവൃത്തികൾ അനധികൃതമാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | ഊട്ടറ ശ്മശാനം റോഡ് പുനരുദ്ധാരണം |
| പ്രൊജക്ട് നമ്പർ | 75/15 |
| അടങ്കൽ | 592000 |
| പി.എ.സി | 590971 |
| കരാറുകാരൻ | കെ.ഉണ്ണികൃഷ്ണൻ |
| | |

| | |
|---|---|
| എം-ബുക്ക് | 1/13-14 |
| ബിൽ നമ്പർ/തീയതി | 10/26.8.15 |
| തുക | 584837 |
| എഗ്രിമെന്റ് | 32/14-15/13.1.15 |
| പൂർത്തീകരിക്കേണ്ട തീയതി | 31.3.15 |
| 20% ഗ്രേസ് പിരീഡ് | 16.4.15 |
| പൂർത്തീകരിച്ച തീയതി | 15.5.15 |
| ഈടാക്കേണ്ട പിഴ - 17.4.15 – 15.5.15 | 590971x1%x29/90 = 1904 |

പിഴയിനത്തിൽ 1904/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു.

# 3-7 ഇ.എം.എസ് ഭവന പദ്ധതി - പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

2009-10 വർഷത്തിലെ ഇ.എം.എസ് ഭവന പദ്ധതി (ജനറൽ) പ്രകാരം 63 ഗുണഭോക്താക്കളിൽ 59 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭാഗികമായി ധനസഹായം കൈപ്പറ്റി ഓഡിറ്റ് കാലയളവിലും പണി പൂർത്തിയാക്കാത്ത ബാക്കി 4 ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ താഴെ നൽകുന്നു :

| ക്രമ നം. | പേരും, വിലാസവും | പ്രോജക്റ്റ് തുക | അനുവദിച്ച തുക | ഡിഡി,നം./ തീയതി | ബാക്കി |
|---|---|---|---|---|---|
| 1. | അപ്പു ,s/o കണ്ടൻ, വാട്ടയാർ,ഊട്ടറ | 75,000/- | 22,500<br>30,000<br>17,500<br>70,000 | 5722<br>25/6/10<br>6395<br>10/8/10<br>7553<br>10/12/10 | 5,000/- |
| 2 | പഞ്ചമണി,w/o ശ്രീനിവാസൻ, മലയമ്പള്ളം. | 75,000/- | 30,000 | 6391<br>10/8/10 | 45,000/- |
| 3. | അനിത,w/o രവി ചിറ്റടി,വടവന്നൂർ | 75,000/- | 22,500<br>15,000 | 8013<br>24/2/11 | 17,500/- |

| | | | | | |
|---|---|---|---|---|---|
| | | | 20,000<br>57,500 | 8398<br>7/3/11<br>8575<br>10/3/11 | |
| 4. | രാമകൃഷ്ണൻ, s/o.വേലായുധൻ, കാക്കറക്കളം, വടവന്നൂർ | 75,000/- | 30,000<br>37500<br>67,500 | 9302<br>2/6/11<br>0382<br>1/10/14 | 7,500/- |

മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകി ആയത് നടപ്പിലാക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 3-8 ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

പ്രോജക്റ്റ് നം./വർഷം : S0027/16

പേര് : SC വീടുകൾക്ക് പൈപ്പ് കണക്ഷൻ

അടങ്കൽ :1,35,000/-

ചെലവ് :39,889/-

ബിൽ നം./ തീയതി : 1/15-16/30/9/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

മേൽപറഞ്ഞ പ്രോജക്റ്റ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താഴെപറയുന്ന ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് വിവരം | ഹാജരാക്കാത്ത രേഖകൾ |
|---|---|
| ലക്ഷ്മി,d/o.ചാമി, പൊന്നാരമ്പള്ളം | കെട്ടിട നികുതി അടച്ച രശീതി, വരുമാന സർട്ടിഫിക്കറ്റ്. |
| ചെല്ലപ്പൻ, കിണറ്റേരിപ്പാടം | വരുമാന സർട്ടിഫിക്കറ്റ്. |
| പെട്ട, w/o ഷൺമുഖൻ,ആലങ്കൊടി | വരുമാന സർട്ടിഫിക്കറ്റ്. |
| സുബ്രമണ്യൻ, കണ്ടംകുളം | വരുമാന സർട്ടിഫിക്കറ്റ്. |
| ഷൺമുഖൻ . c. ആലങ്കൊടി | വരുമാന സർട്ടിഫിക്കറ്റ്. |
| തങ്കമണി, w/o കരുമാണ്ടി, ആലങ്കൊടി | കെട്ടിട നികുതി അടച്ച രശീതി, വരുമാന സർട്ടിഫിക്കറ്റ്. |
| പൊന്നുകുട്ടി, w/o ലക്ഷമണൻ | വരുമാന സർട്ടിഫിക്കറ്റ്. |

| | |
|---|---|
| ലീല. ടി, ആലങ്കൊടി | കെട്ടിട നികുതി അടച്ച രശീതി, വരുമാന സർട്ടിഫിക്കറ്റ്. |
| അമ്മിണി, d/o രാമൻ | വരുമാന സർട്ടിഫിക്കറ്റ്. |

മേൽ സൂചിത പട്ടികയിലെ ഗുണഭോക്താക്കളുടെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ആയത് ലഭ്യമാവുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# 3-9 കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് നം./വർഷം : S0027/16 (എസ്.സി.പി)

പേര് :SC വീടുകളിലേക്ക് പൈപ്പ് കണക്ഷൻ

ബിൽ നം / തീയതി : 18/15-16/26//16

അടങ്കൽ : 1,35,000/-

ചെലവ് :90,000/- ( 15 ഗുണഭോക്താക്കൾക്ക് 6000/- രൂപ വീതം)

SC വീടുകളിലേക്ക് പൈപ്പ് കണക്ഷൻ അനുവദിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പാലക്കാടിലേക്ക് ഡി.ഡി.നം:808519 തീയതി: 5/4/16 പ്രകാരം പദ്ധതി വിഹിതമിനത്തിൽ 90,000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവിന്റെ വിനിയോഗം/ പദ്ധതി പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 പദ്ധതികളുടെ ചെലവ് വിനിയോഗം/ പൂർത്തീകരണം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികളുടെ ചെലവ് വിനിയോഗം/പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | തുക | ഡി.ഡി നം/ തീയതി | നൽകിയത് |
|---|---|---|---|---|---|
| 1 | 12/16 | SSA | 584781 | 691688/13.7.15 | ജില്ലാ പ്രൊജക്ട് ഓഫീസർ, പാലക്കാട് |
| 2 | 5/16(gen) | IAY വിഹിതം | 740000 | 691891/19.9.15 | സെക്രട്ടറി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 3 | 6/16(scp) | ടി | 675000 | 691690/13.7.15 | ടി |
| 4 | 9/16 | കുമഴിപ്പാടം, പുളിങ്കാവ് കുടിവെള്ള പദ്ധതി | 475000 | 691892/18.9.15 | KWA, പാലക്കാട് |

മേൽ തുകകളുടെ ചെലവ് വിനിയോഗം/പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ വാഹന വിനിയോഗം (നം.കെ.എൽ.70-2332) സംബന്ധിച്ച ചെലവുകളുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു :

| | |
|---|---|
| ഫ്യുവൽ | 78,677 |
| റിപ്പയർ/മെയിന്റനൻസ് | 37,882 |
| വേതനം | 1,08,000 |
| ആകെ | 2,24,559 |

30.06.2007 ലെ ജി.ഒ.(എം.എസ്) 170/07സർക്കാർ ഉത്തരവ് പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. വാഹനത്തിന്റെ പ്രവർത്തനം/പരിപാലനം എന്നിവ സംബന്ധിച്ച വിവരങ്ങൾ നിലവിൽ ലോഗ് ബുക്കിൽ മാത്രമായാണ് രേഖപ്പെടുത്തി വരുന്നത്. മേൽ ഉത്തരവിൽ ലോഗ് ബുക്ക് കൂടാതെ താഴെപ്പറയുന്ന രജിസ്ററുകൾ കൂടി സൂക്ഷിക്കണം എന്ന് നിഷ്കർഷിക്കുന്നു :

1)ഫ്യുവൽ ഓർഡർ ബുക്ക്

2)ഫ്യുവൽ രജിസ്ററർ

3)സ്റ്റോക്ക് രജിസ്ററർ

4)റിപ്പയർ രജിസ്ററർ

കൂടാതെ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം 6 മാസത്തിലൊരിക്കൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിലെ ഒരു ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാഹനത്തിന്റെ ഇന്ധന ക്ഷമത പരിശോധിച്ച് ആയത് സംബന്ധിച്ച ഒരു സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ആയത് പാലിച്ച് വരുന്നില്ല. ഭാവിയിൽ മേൽ സൂചിപ്പിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതോടൊപ്പം ഇന്ധന ക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 3-12 പ്ലാൻ ഫണ്ട് അക്കൗണ്ടിലെ നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഇടപാടുകൾ 1.10.2015 വരെ നടത്തിയിരുന്നത് നോൺബാങ്കിംഗ് ട്രഷറിയായ കൊല്ലങ്കോട് ട്രഷറി മുഖേനയാണ്. പണമായി ലഭ്യമാവുന്ന തുകകൾ പ്ലാൻ

ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ (പഞ്ചാബ് നാഷണൽ ബാങ്ക്, വടവന്നൂർ) നിക്ഷേപിച്ച് ചെക്കായോ ഡി.ഡി.യായോ ചെലവു ചെയ്യുകയാണ് ചെയ്യുന്നത്. 1.10.2015ന ശേഷം ബാങ്കിംഗ് ട്രഷറി രീതിയിലേക്ക് മാറിയെങ്കിലും പ്രസ്തുത അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല. നിലവിൽ 360442/- രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നു. ഇതിൽ അങ്കണവാടി പോഷകാഹാര പദ്ധതികൾക്കായി ലഭ്യമായ കേന്ദ്ര വിഹിതം കഴിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും, പോഷകാഹാര പദ്ധതികൾക്കായി ലഭ്യമായ കേന്ദ്ര വിഹിതം ആയതിനുള്ള പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതുമാണ്. കൂടാതെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്ലാൻ ഫണ്ട് ബാങ്ക് അക്കൗണ്ട് ഇതുവരെ ക്ലോസ് ചെയ്തിട്ടില്ല. അക്കൗണ്ടിൽ പലിശയിനത്തിൽ നിലനിൽക്കുന്ന നീക്കിയിരുപ്പ് തുക 37000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 3-13 ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അംഗണവാടികളുടെ എണ്ണം | 17 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ,ഹെൽപ്പർ) | 17+17 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 4 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | ഇല്ല. |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല. |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 17 |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 12 |
| 8 | ഫാൻ ഇല്ലാത്തവ | 12 |
| 9 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് ഇല്ലാത്തവ | 7 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | ഇല്ല. |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 7 |
| 12 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അംഗണവാടികളുടെ എണ്ണം | 1 |
| 13 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം.31055/സി.ഡി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അംഗണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1) പഞ്ചായത്തിന്റെ അധീനതയിലുള്ള അംഗണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

2) വൈറ്റ് വാഷിംഗ്,പെയിന്റിംഗ്,വൈദ്യുതീകരണം,ബേബി ഫ്രണ്ടലി ടൊയലറ്റ്,എന്നിവയുടെ കേട്പാടുകൾ തീർത്ത് ചുറ്റ്മതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3) ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അംഗണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.

4) കുടിവെള്ള സംവിധാനത്തിന്റെ പോരായ്മ ദുരീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

5) നിലവിൽ 17 അംഗണവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. മേൽ സൂചിത സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. ആയത് പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ അംഗണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയ്യാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ ദൂരീകരിക്കുവാനുള്ള പരിഹാര നടപടികൾ കൂടെ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 575000 | സമഗ്ര നെൽകൃഷി വികസനം | 575000 | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 958335 | ടി | 958335 | - |

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം | 2015-16 | 439581 | അങ്കണവാടി പോഷകാഹാരം | - | 439581 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50000 | സാന്ത്വന ചികിത്സാ പദ്ധതി | 50000 | - |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡിനം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കുമഴിപ്പാടം-പുളിങ്കാവ് കുടിവെള്ളപദ്ധതി | 691892/18.9.15 | 475000 | വിനിയോഗ വിവരം ലഭ്യമല്ല | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| - ഒന്നുമില്ല - | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ് ഭവന വായ്പ | സ.ഉ(സാധാ) നം 957/10/ത.സ്വ.ഭ.വ തീയതി 20.3.2010 | 43,40000 | 783250 | 512250 | - | 271000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകകളൊന്നും ലഭിച്ചിട്ടില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 ഖണ്ഡിക -2 | 2013-14 ഖണ്ഡിക -2 | മുണ്ടപ്പള്ളി കുളമ്പ് കിണർ നിർമ്മാണം | കൺവീനറിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51286349 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49723646 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 55321 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 – 4 | | 840 | ശ്രീ കെ. സിറാജ്ജുദ്ദീൻ സെക്രട്ടറി |
| 3-5 | | 52577 | ശ്രീ കെ.എസ് ഉണ്ണി |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 1904 | ടി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഒന്നുമില്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഒന്നുമില്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം.

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ. സിറാജ്ജുദ്ദീൻ, സെക്രട്ടറി | സർവ്വീസിൽ നിന്ന് വിരമിച്ചു | ക്രസന്റ് കോട്ടേജ്, നണ്ടൻകിഴായ, ആനമാറി (പി.ഒ), കൊല്ലങ്കോട് – 678506 |
| ശ്രീ. കെ.എസ് ഉണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് | തായങ്കാവ് മഠം, തേങ്കുറുശ്ശി (പി.ഒ), പാലക്കാട് – 678671 |

# 4-9 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച | വാർഷിക കണക്ക് ഓഡിറ്റിന് | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | വർഷം / തീയ്യതി | സമർപ്പിച്ചതിന്റെ വിവരം | | | പുറപ്പെടുവിച്ച വിവരം | വാർഷിക കണക്കിൻെറ വിവരം | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, വടവന്നൂർ | | സമർപ്പിച്ചിട്ടില്ല | - | - | - | ചെയ്തിട്ടില്ല | - |
| 2 | പി.എച്ച്.സി, വടവന്നൂർ | | | ലഭ്യമല്ല | | | ചെയ്തിട്ടില്ല | - |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF P-9/1326/08/ 13.10.09 | പുനരഭിപ്രായം |
| 1997-98 | LF P-9/1326/08/ 13.10.09 | ടി |
| 1998-99 | LF P-9/1326/08/ 17.11.09/14.1.10 | ടി |
| 1999-00 | LF P-9/1326/08/ 17.11.09 | ടി |
| 2000-01 | LF P-9/1622/09/ 18.3.10 | ഖണ്ഡിക തീർപ്പാക്കിയത് |
| 2001-02 | LF P9/1924/R3/06/10.2.06 | ഓഡിറ്റ് ഫീ സംബന്ധിച്ച് |
| 2002-03 | LF P-9/1127/ 07/5.7.08/8.7.08 | പുനരഭിപ്രായം |
| 2003-04 | LF P-19/1604/ 14/11.2.14 | എച്ച്.ഒ യിലേക്കുള്ള കത്ത് |
| 2004-05 | LF P-15/1538/ 09/23.3.11 | പുനരഭിപ്രായം |
| 2005-06 | LF P-19/1209/13/ 8.8.14 | ടി |
| 2006-07 | LF P-19/481/10/6.9.10 | ടി |
| 2007-08 | LF P-19/482/10/6.9.10 | ടി |
| 2008-09 | LF P-19/174/15/9.2.15 | ഖണ്ഡിക 3-2 സംബന്ധിച്ച |

| | | |
|---|---|---|
| | | കത്ത് |
| 2009-10 | LF P-19/969/12/ 29.6.12 | പുനരഭിപ്രായം |
| 2010-11 | LF P-19/78/15/16.5.15 | എച്ച്.ഒ യിലേക്കുള്ള കത്ത് |
| 2011-12 | LF P-19/387/14/6.6.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 2013-14 | KSA-PKD-19/1402/15/14.01.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | KSA-PKD-19 | ഓഡിറ്റ് റിപ്പോർട്ട് |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

<u>Audit Certificate</u>

Certified that I have examined the Annual Financial Statement of VADAVANNUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of VADAVANNUR GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

## Abstract of defects

1. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director